കാർഷിക കാലാവസ്ഥ വെള്ളിയാഴ്ച ബുള്ളറ്റിൻ

കൊല്ലം ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്

കൃഷി വിജ്ഞാന കേന്ദ്രം കൊല്ലം

കേരള കാർഷിക സർവ്വകലാശാല

സദാനന്ദപുരം, കൊട്ടാരക്കര

AAS No. 92/2022 | കാലാവസ്ഥ പ്രവചനം | 18.11.2022

| കാലാവസ്ഥാ ഘടകങ്ങൾ | 2022 നവംബർ 19 | 2022 നവംബർ 20 | 2022 നവംബർ 21 | 2022 നവംബർ 22 | 2022 നവംബർ 23 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 5 | 0.2 | 0 | 0 | 0 |
| ഉയർന്ന താപനില (ºC) | 33 | 34 | 34 | 33 | 33 |
| കുറഞ്ഞ താപനില (ºC) | 20 | 21 | 21 | 21 | 21 |
| കൂടിയ അന്തരീക്ഷ ആർദ്രത(%) | 86 | 86 | 86 | 86 | 86 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത(കി.മീ/ മണിക്കൂർ) | 3 | 3 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 230 | 250 | 320 | 320 |
| മേഘ വ്യാപ്തി (ഒക്ടാ) | 6 | 4 | 3 | 2 | 2 |

## മഴ മുന്നറിയിപ്പ്

| 2022 നവംബർ 18 | 2022 നവംബർ 19 | 2022 നവംബർ 20 | 2022 നവംബർ 21 | 2022 നവംബർ 22 |
|---|---|---|---|---|
| നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ | നേരിയ മഴ | മഴ ഇല്ല | മഴ ഇല്ല | മഴ ഇല്ല |

## കാലാവസ്ഥ ഉള്ളടക്കം

കഴിഞ്ഞ ആഴ്ചയിലെ കാലാവസ്ഥ റിപ്പോർട്ട് പ്രകാരം, കൊല്ലം ജില്ലയിൽ നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ ലഭിച്ചിട്ടുണ്ട്. ജില്ലയിൽ അനുഭവപ്പെട്ട കൂടിയ താപനില 33.5 ഡിഗ്രീ സെല്ഷ്യയസ് ആയിരുന്നു.

ഇന്ത്യ കാലാവസ്ഥ വകുപ്പിന്റെ അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം അനുസരിച്ച് കൊല്ലം ജില്ലയിൽ നവംബർ 18നു നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴക്കും നവംബർ 19 നു നേരിയ മഴക്കും സാധ്യത. കൂടിയ താപനില 34ºC വരെയും കുറഞ്ഞ താപനില 20ºC വരെയും ആകാൻ സാധ്യത.

45 - മത് കാലാവസ്ഥ ആഴ്ചയുടെ (05.1.2022 to 11.11.2022) NDVI നിരീക്ഷണ ഫലപ്രകാരം ജില്ലയിലെ വിളകളുടെ ഊർജ്ജസ് നല്ല നിലയിലാണ്. മിനിസ്ട്രി ഓഫ് ഏർത് സയൻസിന്റെയും ഐ. എം. ഡിയുടെയും SPI ഇൻഡക്സ് ഫലപ്രകാരം കഴിഞ്ഞ 2022 ഒക്ടോബർ 20 മുതൽ 2022 നവംബർ 16 വരെ ജില്ലയിൽ മിതമായ ഈർപ്പവും മിതമായ വരണ്ട അവസ്ഥയാണ് അനുഭവപ്പെട്ടിട്ടുള്ളത്.

## പൊതുനിർദ്ദേശങ്ങൾ

- വളപ്രയോഗം കീടനാശിനി പ്രയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ അനുകൂല കാലാവസ്ഥയ്ക്കനുസരിച്ച് നടത്താവുന്നതാണ്.
- മരുന്ന് തളി നടത്തുമ്പോൾ അതിരാവിലെയോ വൈകുന്നേരങ്ങളിലോ വെയിൽ താഴ്ന്നു നിൽക്കുന്ന സമയങ്ങളിൽ അനുവർത്തിക്കുവാൻ ശ്രദ്ധിക്കുക.
- വളപ്രയോഗം നടത്തിയ ശേഷം നന ഉറപ്പാക്കുകയും ചെയ്യുക.

## സവാള



- ശീതകാല പച്ചക്കറി വിളയായ സവാള കൃഷിയ്ക്കായി തയ്യാറെടുക്കുന്ന കർഷകർ 45 മുതൽ 60 ദിവസം പ്രായമായതും 0.6 സെ.മീ മുതൽ 0.8 സെ.മീ വരെ വണ്ണവും 15 സെന്റിനമീറ്റർ വരെ ഉയരവും ഉള്ള തൈകൾ നഴ്സറിയിൽ നിന്നും പ്രധാന കൃഷിയിടത്തിലേക്ക് ഡിസംബർ ആദ്യ വാരത്തോടെ പറിച്ചു നടേണ്ടതാണ്.
- 15 സെന്റിമീറ്ററിനു മുകളിൽ ഉയരമുള്ള തൈകളുടെ തലപ്പ് നുള്ളി കൊടുത്തതിനു ശേഷം പറിച്ചു നടീലിനായി അവ ഉപയോഗിക്കുക.
- പകലിന്റെ ദൈർഘ്യവും ചൂടും കുറഞ്ഞു നിൽക്കുന്ന സമയത്താണ് സവാള പറിച്ചു നടേണ്ടത്.
- നടുന്ന സമയത്തു തണുപ്പ് കാലാവസ്ഥയും വിളവെടുപ്പിന്റെനെ സമയത്തു ചൂടുള്ള കാലാവസ്ഥയുമാണ് പൊതുവെ സവാള കൃഷിയ്ക്ക് ആവശ്യം.

## ശൈത്യ കാല സംരക്ഷണം മുട്ടക്കോഴികളിൽ



- ശൈത്യകാലത്ത് മുട്ടയുൽപ്പാദനം കുറയാനുള്ള സാധ്യതയുള്ളതിനാൽ കൂട്ടിനുള്ളിൽ 16 മണിക്കൂർ ബൾബ് വെളിച്ചം ഉറപ്പാക്കുക.
- കോഴിത്തീറ്റയിൽ ഫംഗൽ ബാധ ഏൽക്കാതെ വൃത്തിയായി അടച്ചു സൂക്ഷിക്കുക.
- തീറ്റ നൽകിയ ശേഷം മാത്രം കുടിവെള്ളം ലഭ്യമാക്കുക.
- വൈറസ് രോഗങ്ങൾക്കെതിരായ വാക്സിനേഷൻ ശൈത്യകാലത്ത് നിർബന്ധമായും ഉറപ്പാക്കുക.
- ബാക്റ്റീരിയൽ രോഗങ്ങളായ സാൽമൊണല്ലോസിസ്, കോസീഡിയോസിസ് എന്നിവ തടയാൻ ആന്റിബയോട്ടിക്കുകൾ കരുതുക.